# INDIAN SCHOOL SOHAR
## TERM- I EXAMINATION (2017-18)
## MALAYALAM

No. of printed pages:2

**DATE:12-9-17** **MARKS: 40**

**STD:VIII** **TIME: 1.30hours**

**1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (5)

കവിതയെ സംഗീതാത്മകമാക്കിയ കവിയാണ് ചങ്ങമ്പുഴ. ചങ്ങമ്പുഴ കൃഷ്ണപിള്ള, എറണാകുളത്ത് ഇടപ്പള്ളിയിൽ ചങ്ങമ്പുഴ വീട്ടിൽ പാറുക്കുട്ടിയമ്മയുടെയും കൊച്ചിശ്ശീമയിൽ തെക്കേടത്തു നാരായണമേനോന്റെയും പുത്രനായി 1089ൽ ജനിച്ചു. പ്രാഥമിക വിദ്യഭ്യാസത്തിനുശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി.എ.ഓണേഴ്സ് ജയിച്ചു. അക്കാലത്ത് ദാരിദ്ര്യദുഃഖം വല്ലാതെ അലട്ടിയിരുന്നതിനാൽ പട്ടാളത്തിൽ ചേർന്നു. കവിതാരചനയ്ക്ക് ജോലി തടസ്സമായപ്പോൾ അത് ഉപേക്ഷിച്ചു. ഉറ്റസുഹൃത്തും കവിയുമായിരുന്ന ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലമരണത്തിൽ മനംനൊന്ത് 1112ൽ എഴുതിയ കാവ്യമാണ് ‘രമണൻ’. സമൂഹത്തിലെ പഴഞ്ചൻ ആചാരങ്ങളും അന്ധവിശ്വാസങ്ങളും വെട്ടിനീക്കി ഒരു നൂതനലോകം കെട്ടിപ്പെടുത്താൻ ആഹ്വാനം ചെയ്ത്കൊണ്ട് അദ്ദേഹം എഴുതിയ കൃതിയാണ് ‘വാഴക്കുല’. 1115ൽ ശ്രീദേവിയമ്മയെ വിവാഹം ചെയ്തു. പിന്നീട് തൃശ്ശൂർ ‘മംഗളോദയം’ മാസികയുടെ പത്രാധിപരായി ജോലിനോക്കി. 1121ൽ തൃശ്ശൂർ വിട്ടു. പിന്നീട് സ്വഭവനത്തിൽ കവിതാരചനയുമായി കഴിഞ്ഞുകൂടി. 1123ൽ കേവലം 34-ാം വയസ്സിലാണ് മരണം. ബാഷ്പാഞ്ജലി, സ്പന്ദിക്കുന്ന അസ്ഥിമാടം, രക്തപുഷ്പങ്ങൾ, സങ്കല്പകാന്തി, കളിത്തോഴി തുടങ്ങി നാല്പതിലേറെ കൃതികൾ ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്.

a. ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലമരണത്തിൽ മനംനൊന്ത് ചങ്ങാമ്പുഴ എഴുതിയ കാവ്യമേത്?

b. ചങ്ങമ്പുഴയുടെ മാതാപിതാക്കൾ ആരെല്ലാം?

c. സമൂഹത്തിലെ പഴഞ്ചൻ ആചാരങ്ങളും അന്ധവിശ്വാസങ്ങളും വെട്ടിനീക്കി ഒരു നൂതനലോകം കെട്ടിപ്പെടുത്താൻ ആഹ്വാനം ചെയ്ത്കൊണ്ട് ചങ്ങമ്പുഴ എഴുതിയ കൃതി ?

d. ചങ്ങമ്പുഴയുടെ പ്രധാനകൃതികൾ ഏവ?

e. ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക.

**2.അർത്ഥം എഴുതുക.** (2)

a. അങ്ങാടി b. വധിക്കുക

**3.പര്യായപദം എഴുതുക.** (2)

a. വൃദ്ധൻ b. മൊട്ട്

**4.വിപരീതപദം എഴുതുക** (1)

a. ഉദിക്കുക

**5.നാനാർത്ഥം എഴുതുക.** (1)

a. അംബരം

**6.പിരിച്ചെഴുതുക.** (1)

a. മുറ്റത്തിരുന്നു

**7.ശൈലിയുടെ അർത്ഥം എഴുതുക.** (1)

a. ഇലയിട്ട് ചവിട്ടുക

**8.ഒറ്റപ്പദമാക്കുക** (2)

a. വിദ്യയുടെ ആലയം
b. കേശം മുതൽ പാദം വരെ

**9.അടിവരയിട്ട പദങ്ങൾ ഏത് നാമവിഭാഗത്തിൽപ്പെടുന്നു.** (2)

a. ഗാന്ധിജിയുടെ വാക്കുകൾ വിദേശികൾക്ക് പുതിയ അനുഭവമായി.
b. ജലം അമൂല്യമാണ്.

**10.അർത്ഥവ്യത്യാസം എഴുതുക** (1)

a. അനിലൻ, അനലൻ

**11.വിശേഷണപദം ചേർത്ത് പൂരിപ്പിക്കുക.** (2)

a. .............പാട്ട്
b. ............പഠിച്ചു.

**12.പാഠഭാഗത്തിലേതുപോലെ പൂരിപ്പിക്കുക.** (3)

a. മാനത്തിൽ ചന്ദ്രനുണ്ടെന്നു
..........................................
ചെവിയാൽ കേട്ടതല്ലയോ.

**13.ഉത്തരമെഴുതുക.**

a. ആദ്യത്തെ സ്ത്രീ ബോധം കെട്ട് വീഴാൻ കാരണമെന്ത്? (1)
b. തൊപ്പി വയ്ക്കണമെന്ന് മുത്തപ്പനോട് ആളുകൾ ആവശ്യപ്പെടുന്നത് എന്തിന്? (1)
c. നിങ്ങൾ ചൂടും തണുപ്പും അറിയുന്നതെങ്ങനെ? (1)
d. ഗാന്ധിജിയുടെ ഏതു വാക്കുകളാണ് വിദേശികൾക്ക് പുതിയ അനുഭവമായത്? (2)
e. സബർമതി ആശ്രമത്തിലെ ജീവിതരീതി എങ്ങനെയുള്ളതാണ്? (2)

**14.താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.** (3)

a. പരോപകാരാർത്ഥമിദം ശരീരം.
b. മിന്നുന്നതെല്ലാം പൊന്നല്ല

**15. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** (7)

a. പരിസ്ഥിതി മലിനീകരണം
b. വിദ്യാർത്ഥികളും അച്ചടക്കവും